2

ഇൻഷുറൻസും അപകടസാദ്ധ്യതകളും

ഉള്ളടക്കം	പാഠ്യപദ്ധതി പഠിച്ചതിന്റെ ഫലങ്ങള്
പഠിക്കുന്നതിന്റെ ലക്ഷ്യങ്ങള്	
ആമുഖം	
പ്രധാന വാക്കുകൾ	
എ.അപകടസാദ്ധ്യതകളെക്കുറിച്ചുള്ള ആശയങ്ങള്	2.1
ബി. അപകടസാദ്ധ്യതകളുടെ ഭാഗങ്ങള്	2.2
സി. സംരക്ഷിക്കാവുന്ന അപകടസാദ്ധ്യതകള്	2.3
ഡി. അപകടസാദ്ധ്യതകളുടെ കൈമാറ്റം	2.4
ഇ. അപകടസാദ്ധ്യതകളുടെ സഞ്ചയിക്കൽ (പൂളിംഗ്)	2.5
പ്രധാന കാര്യങ്ങൾ	
ചോദ്യോത്തരങ്ങൾ	

പഠിക്കുന്നതിന്റെ ലക്ഷ്യങ്ങള്

ഈ അദ്ധ്യായം പഠിച്ചാൽ നിങ്ങൾക്ക് സാധിക്കുന്നവ:

- ഇൻഷുറൻസിലെ അപകടസാദ്ധ്യതകളെക്കുറിച്ചുള്ള ആശയങ്ങള് വിവരിക്കാന്
- അപകടസാദ്ധ്യതകളുടെ പ്രധാന ഭാഗങ്ങളെക്കുറിച്ച് വിവരിക്കാന്
- സംരക്ഷിക്കാൻ കഴിയുന്ന അപകടസാദ്ധ്യതകളെക്കുറിച്ച് വിശദമായി വിവരിക്കാന്
- അപകടസാദ്ധ്യതകളുടെ കൈമാറ്റത്തിനുള്ള ഒരു മാദ്ധ്യമം എന്ന നിലയ്ക്ക് ഇൻഷുറൻസിന്റെ പ്രാധാന്യങ്ങളെക്കുറിച്ച് വിശദമായി വിവരിക്കാന്
- അപകടസാദ്ധ്യതകളെ സഞ്ചയിക്കുന്ന ആശയങ്ങളെക്കുറിച്ച് വിവരിക്കാന്

ആമുഖം

അദ്ധ്യായം ഒന്നിൽ ഇൻഷുറൻസ് അപകടസാദ്ധ്യതകളെ കൈമാറ്റം ചെയ്യുന്നതിനെ ആസ്പദമാക്കിയുള്ളതാണെന്ന് നമ്മൾ വിവരിച്ചു. കൂടാതെ ഒരു വ്യക്തി അഭിമുഖീകരിക്കാവുന്ന അപകടസാദ്ധ്യതകളെക്കുറിച്ച് ചെറിയ അവലോകനവും നടത്തി. ഈ അദ്ധ്യായത്തിലൂടെ അപകടസാദ്ധ്യതകളുടെ സ്വഭാവങ്ങളെയും, ഏതെല്ലാം അപകടങ്ങൾക്കായി സുരക്ഷ നേടാം എന്ന് വിശദമായി വീക്ഷിക്കുകയും, കൂടാതെ അപകടസാദ്ധ്യതകളെ എങ്ങനെ കൈമാറ്റം ചെയ്യാം, സഞ്ചയിക്കാം എന്ന് കുറച്ചുകൂടി വിശദീകരിക്കാം. തീർച്ചയായും ലൈഫ് ഇൻഷുറൻസ് പ്രതിനിധി എന്നാല് (മനുഷ്യജീവന്റെ

അപകടസാദ്ധ്യതകളെ സംബന്ധിച്ച്) നിങ്ങൾ ഉൽകണ്ഠാകുലരാണ്, അതിനാല് ഈ കാഴ്ചപ്പാടുകളിലേയ്ക്ക് നമുക്ക് ഈ അദ്ധ്യായത്തിലൂടെ ശ്രദ്ധ കേന്ദ്രീകരിക്കാം. എന്നിരുന്നാലും സാധാരണ സുരക്ഷയിൽ വരുന്ന ചില അപകടസാദ്ധ്യതകളെക്കുറിച്ച് നമുക്ക് പരാമർശിക്കാം. എന്തെന്നാൽ അപകടങ്ങള് എന്ന ആശയത്തെ കുറിച്ച് വിശാലമായ അർത്ഥത്തില് അറിവു നേടുവാന് ഇത് നിങ്ങളെ സഹായിക്കും.

പ്രധാന വാക്കുകള്

ഈ അദ്ധ്യായത്തിൽ താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങളാണ്:

അപകട സാദ്ധ്യത കൾ	അപകടസാദ്ധ്യതകളുടെ ഭാഗങ്ങള്	അനിശ്ചിതാവസ്ഥ	ഹസാർഡ്
അപായം	സമാനഘടകങ്ങൾ മൂലമുള്ള ഉറപ്പു നൽകാവുന്ന അപകടസാദ്ധ്യതകൾ	അപകടസാദ്ധ്യതകൾ കാരണം	ഇൻഷുറബിൾ അപകടസാദ്ധ്യതകൾ
സാമ്പത്തിക അപകടസാദ്ധ്യതകൾ	ശുദ്ധമായ അപകടസാദ്ധ്യതകൾ	അപകടസാദ്ധ്യതകളുടെ കൈമാറ്റം	അപകടസാദ്ധ്യതയുടെ സഞ്ചയിക്കൽ

എ. അപകടസാദ്ധ്യതയുടെ ആശയം

എ.1 അപകടസാദ്ധ്യതയുടെ നിർവ്വചനം

"അപകടസാദ്ധ്യത" എന്ന പദം ധാരാളം വ്യത്യസ്ത സന്ദർഭങ്ങളില് ഉപയോഗിക്കാം. ഇൻഷുറൻസില് ഇത് പ്രയോഗിക്കുന്നത് സംരക്ഷണം നൽകാവുന്ന ചില ആസ്തികൾക്കാണ്, ഉദാഹരണത്തിന്, മനുഷ്യജീവന്, വീട്, കാറ് മുതലായവ. വ്യത്യസ്ഥ സന്ദർഭങ്ങളില് പ്രയോഗിക്കാം എന്നതുകൊണ്ട് അപകടത്തിന് ശരിയായ ഒരു നിർവ്വചനമില്ല.
അപകടത്തിന്റെ ചില നിർവ്വചനങ്ങള്:

- അപകടസാദ്ധ്യത എന്നത് നാശനഷ്ടങ്ങൾക്കുള്ള സാദ്ധ്യതയാണ്
- അപകടസാദ്ധ്യത എന്നത് ഒരു പരിതസ്ഥിതിയുടെ ഫലത്തെക്കുറിച്ചുള്ള ആശങ്കയാണ്
- അപകടസാദ്ധ്യത എന്നത് എന്തിന്റെ അല്ലെങ്കില് ആരുടെയെങ്കിലും പരിഗണിക്കാവുന്ന അന്തർലീനമായ അവസ്ഥയാണ്

ബോധവാനായിരിക്കുക
ലൈഫ് ഇൻഷുറൻസില് അപകടസാദ്ധ്യത എന്ന് ഉപയോഗിക്കുന്നത് അനുകൂലമല്ലാത്തത് സംഭവിക്കാനുള്ള സാദ്ധ്യതയെ വിവരിക്കുവാൻ വേണ്ടിയാണ്. മരണം അല്ലെങ്കിൽ നിർഭാഗ്യകരമായ വൈകല്യം.

ജീവിത കാലയളവിൽ ഒരു വ്യക്തി ധാരാളം അപകടസാദ്ധ്യതകളിലേയ്ക്ക് അനാവരണം ചെയ്യപ്പെടുന്നു. അതിൽ ചിലത് താഴെ പറയുന്നു:

അപകടങ്ങൾ



ഇൻഷുറൻസിന് ഇത്തരം അപകടസാദ്ധ്യതകളെ തടയാനാകില്ല, പക്ഷെ അവ മൂലമുള്ള ആഘാതത്തെ കുറയ്ക്കാൻ കഴിയും. ലൈഫ് ഇൻഷുറൻസ് മുഖ്യമായും രണ്ട് അപകടസാദ്ധ്യതകൾക്ക് വേണ്ടി നിർവ്വഹണം നടത്തുന്നു - അകാല മരണവും, വളരെ നീണ്ട ജീവിതവും. മനുഷ്യജീവനുമായി ബന്ധപ്പെട്ട മറ്റ് അപകടസാദ്ധ്യതകള് അധികവും നോൺ-ലൈഫ് ഇൻഷുറൻസിന്റെ കീഴില് വരുന്നു.
എന്നിരുന്നാലും ഇൻഷുറൻസ് കമ്പനികള്(ലൈഫ്ഇൻഷുറൻസ്) പദ്ധതിയിൽ വരുന്ന മരണം, അപകടങ്ങളോ, അസുഃഖങ്ങളോ മൂലമുള്ള വൈകല്യം, തൊഴിലില്ലായ്മ എന്നീ അപകടസാദ്ധ്യതകൾക്ക് അതിരിക്തമായ ആനുകൂല്യങ്ങളും വാഗ്ദാനം നൽകുന്നു.

ഉദാഹരണം

രാകേഷ് ഗുപ്ത ഒരു സ്വകാര്യ സ്ഥാപനത്തില് സെയിൽസ് എക്സിക്യൂട്ടീവായി ജോലി നോക്കുന്നു. ജോലിയുടെ ഭാഗമായി അദ്ദേഹത്തിന് തുടർച്ചയായി യാത്രകള് ചെയ്യേണ്ടിവരുന്നു. എന്നാലേ അദ്ദേഹത്തിന്റെ മേഖലയില് വരുന്ന ധാരാളം ചില്ലറ കച്ചവടക്കാരെ കാണാനും, അതിലൂടെ ഒരു മാസത്തെ അല്ലെങ്കില് ഒരു ആഴ്ചയിലെ വിൽപന ലക്ഷ്യം നേടുവാന് കഴിയുകയുള്ളൂ. ചില സമയങ്ങളിൽ ദിവസങ്ങളോളം തുടർച്ചയായി യാത്ര തുടരേണ്ടിവരുന്നു.
രാകേഷ് ഗുപ്ത താഴെ പറയുന്ന അപകടസാദ്ധ്യതകളിലേയ്ക്ക് അനാവരണം ചെയ്യപ്പെടാം. അതുകൊണ്ട് അദ്ദേഹം തീർച്ചയായും ഇൻഷുറൻസ് വാങ്ങുന്ന കാര്യം പരിഗണിക്കണം.

അകാല മരണം:- രാകേഷിന്റെ ജോലിയുടെ രൂപരേഖ തികച്ചും സമ്മർദ്ദം ഉളവാക്കുന്നതും തീവ്രമായ യാത്രകൾ നിറഞ്ഞതുമാണ്, സമ്മർദ്ദം നിമിത്തമുള്ള അസുഖങ്ങൾ കാരണം പെട്ടന്നുള്ള മരണം എന്ന അപകടസാദ്ധ്യതകളിലേയ്ക്ക് അനാവരണം ചെയ്യപ്പെടാം ലൈഫ് ഇൻഷുറൻസ് പദ്ധതിയ്ക്ക് പെട്ടന്നുള്ള മരണം കൊണ്ട് ഉണ്ടാകുന്ന അപകടസാദ്ധ്യതയിൽനിന്ന് അദ്ദേഹത്തിന്റെ കുടുംബത്തെ സംരക്ഷിക്കാൻ കഴിയും.

അപകടസാദ്ധ്യത:- രാകേഷിന് തുടർച്ചയായി യാത്രകള് ചെയ്യേണ്ടിവരുന്നതിനാല് അദ്ദേഹത്തിന് അപകടം സംഭവിക്കുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്, അതിന്റെ ഫലമായി സ്ഥിരമായ അല്ലെങ്കിൽ അസ്ഥിരമായ വൈകല്യങ്ങള് സംഭവിക്കാം. വൈകല്യങ്ങൾക്കുള്ള നേട്ടങ്ങളടങ്ങിയ ലൈഫ് ഇൻഷുറൻസ് പദ്ധതി അല്ലെങ്കിൽ പ്രത്യേക അപകടമരണ പോളിസിയ്ക്ക് രാകേഷിന്റെ വൈകല്യം കാരണമുണ്ടായ അപകടസാദ്ധ്യതയില് നിന്നും കുടുംബത്തെ രക്ഷിക്കുവാന് സാധിക്കും.

അസുഃഖങ്ങൾ:- സമ്മർദ്ദങ്ങള് ഉളവാക്കുന്ന ജോലിയായതിനാല് അസുഃഖങ്ങള് പിടിപെട്ട് വിഷമിക്കുന്ന അവസ്ഥയിലേയ്ക്ക് രാകേഷ് എത്തിപ്പെടാം.ഒരു ലൈഫ് ഇൻഷുറൻസ് പ്ലാന് ഒരു ഗുരുതര രോഗ റൈഡർ, അല്ലെങ്കില് ഒരു ഹെൽത് ഇൻഷുറൻസ് പോളിസിയോ രാജേഷിന് ഗുരുതരരോഗങ്ങളുടെ ഫലമായി ആശുപത്രി പ്രവേശനം വേണ്ടി വരുമ്പോൾ സഹായിക്കുന്നു.

തൊഴിലില്ലായ്മ:- രാകേഷിന് അപകടം സംഭവിക്കുകയോ അതിനാൽ വൈകല്യം ഉണ്ടാകുകയോ ചെയ്താൽ അദ്ദേഹത്തിന് ജോലി തന്നെ നഷ്ടപ്പെടാം.

ദീർഘകാല ജീവിതം:- മുകളില് പറഞ്ഞ അവസ്ഥകള് ഔദ്യോഗിക ജീവിതത്തില് സംഭവിക്കാത്ത രാകേഷ് ജോലിയിൽ നിന്ന് വിരമിച്ചാല് തന്നെയും അതിനു ശേഷമുള്ള നീണ്ട വാർദ്ധക്യ ജീവിതം നയിക്കേണ്ടതുണ്ട്. രാകേഷ് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനാല് വിരമിക്കേണ്ടിവന്നാല് പെൻഷനും ലഭിക്കുകയില്ല. അതുകൊണ്ട് ജോലിയിൽ തുടരുമ്പോള് തന്നെ അദ്ദേഹം വിരമിച്ച ശേഷമുള്ള പെൻഷന് പദ്ധതിയില് നിക്ഷേപം നടത്തേണ്ടത് ആവശ്യമാണ്, അതിലൂടെ വിരമിച്ച ശേഷമുള്ള ജീവിതത്തിലേയ്ക്ക് ധനം ശേഖരിക്കാം. വിരമിച്ചശേഷം ഇൻഷുറൻസ് കമ്പനിയില് നിന്ന് "വാർഷിക പദ്ധതി" എടുക്കുവാൻ കഴിയും. ഇത് അദ്ദേഹത്തിന് വിരമിച്ച ശേഷവും കൃത്യമായ വരുമാനം നൽകുന്നു.

കുറിപ്പ്: വിവിധ തരം ലൈഫ് ഇൻഷുറൻസ് പദ്ധതി, ആരോഗ്യസുരക്ഷാ പദ്ധതി എന്നിവയെക്കുറിച്ച് പിന്നീടുള്ള അദ്ധ്യായങ്ങളിൽ നമുക്ക് ചർച്ചകള് ചെയ്യാം.

ബോധവാനായിരിക്കുക

ഇൻഷുറൻസ് കമ്പനി ചില നിർദ്ദിഷ്ട അപകടസാദ്ധ്യതകൾക്ക് മാത്രമേ സംരക്ഷണം നൽകുന്നുള്ളൂ. അത്തരം അവസ്ഥകൾ പോളിസി പ്രമാണത്തില് കൊടുത്തിട്ടുണ്ട്. ഇൻഷുറൻസ് കമ്പനി നിർദ്ദിഷ്ട അപകടങ്ങൾക്കല്ലാതെ മറ്റൊന്നിനും സംരക്ഷണം നൽകുന്നതല്ല.

ചെയ്യേണ്ട കാര്യങ്ങൾ

ഒരു വ്യക്തി അനാവരണം ചെയ്യപ്പെടുന്ന അപകടസാദ്ധ്യതകളെക്കുറിച്ച് പഠിച്ച ശേഷം ജോലിയുടെ പ്രസക്തി അനുസരിച്ച് ഏത് അപകടസാദ്ധ്യത ഉണ്ടാകാനാണ് സാദ്ധ്യത എന്ന് നിങ്ങളുടെ കുടുംബത്തിലെ വരുമാനദാതാവുമായി ചർച്ച ചെയ്യണം. നിങ്ങളാണ് മുഖ്യ വരുമാനദാതാവെങ്കിൽ എന്തെല്ലാമാണ് നിങ്ങള് നേരിടുന്ന അപകടസാദ്ധ്യതകള്.

എ.2 അപകടസാദ്ധ്യതകളോടുള്ള സമീപനം

ഓരോ വ്യക്തിയുടെയും അപകടസാദ്ധ്യതകളോടുള്ള സമീപനം വ്യത്യസ്തമാണ്. ചില ആളുകൾ അപകടസാദ്ധ്യതയില് തന്നെ തുടരുവാന് തയ്യാറുള്ളവരാണ്, എന്നാല് ചിലര് മുൻകരുതലോടെ പ്രവർത്തിച്ച് അത്തരം അവസ്ഥകളെ ഇൻഷുറൻസ് കമ്പനികൾക്ക് കൈമാറുന്നു.

ബി. അപകടസാദ്ധ്യതകളുടെ ഘടകങ്ങള്

അപകടസാദ്ധ്യതകളുടെ ഘടകങ്ങള് ഉൾക്കൊള്ളുന്നത്:

ബി.1 അനിശ്ചിതാവസ്ഥ

ജീവിതം അനിശ്ചിതമാണ്, അതുപോലെതന്നെ നമ്മുടെ ഭാവിയും. നടക്കുവാൻ പോകുന്ന അനിഷ്ടസംഭവത്തെ കുറിച്ച് നമുക്ക് മുൻകൂട്ടി അറിയാന് കഴിഞ്ഞാല് അതിനെ തടയുവാനോ, അതിജീവിക്കുവാനോ ആവശ്യമായ പദ്ധതി തയ്യാറാക്കി ആ അവസ്ഥയെ കുറയ്ക്കുകയോ അല്ലെങ്കില് മാറ്റം ചെയ്യുവാനോ നമുക്ക് കഴിയും. പൊതുവായ തത്വത്തില് എടുത്താല് അനിശ്ചിതമായ അപകടസാദ്ധ്യതകൾക്ക് ഇൻഷുറൻസ് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഈ പ്രസ്താവന ഒരു ചോദ്യമുയർത്തുന്നു: നമുക്കറിയാം മരണം സുനിശ്ചിതമാണെന്ന്- എന്നാല് നമുക്കിതും അറിയാം മരണത്തിന് എതിരായി ലൈഫ് ഇൻഷുറൻസ് ലഭ്യമാണ് എന്നും. അതുകൊണ്ട് ഈ പ്രസ്താവന എങ്ങനെ സത്യമാകും.

അത് സത്യമാണ്, നമ്മള് എല്ലാവരും ഒരു ദിവസം മരിക്കും, എന്നാല് അത് "എപ്പോൾ" എന്നത് അനിശ്ചിതമാണ്. അതാണ് മരണ സമയത്തിന്റെ അനിശ്ചിതാവസ്ഥ. അതുകൊണ്ട് നമ്മൾ മരണത്തിനെതിരെ തീർച്ചയായും ഇൻഷുര് ചെയ്യേണ്ടതുണ്ട്. പക്ഷെ ഒരു വ്യക്തിയ്ക്ക് മാരകരോഗം പിടിപെടുകയും അതിനാല് മരണ സമയം ഉറപ്പാകുകയും ചെയ്താൽ, പിന്നെ ഇൻഷുറൻസ് കമ്പനി ആ അപകടത്തെ സംരക്ഷിക്കുകയില്ല. താഴെ പറയുന്ന വസ്തുതകളുടെ പഠനം ഇത് എങ്ങനെ പ്രാവർത്തികമാക്കാം എന്ന് മനസ്സിലാക്കി തരുന്നു.

വസ്തുതകളുടെ പഠനം

1. റിഷഭ് അഗർവാള് നാൽപതു വയസ്സുകാരനായ ഒരു വ്യവസായിയും നല്ല ആരോഗ്യപൂർണ്ണമായ ജീവിതരീതികള് നയിക്കുന്ന ആളുമാണ്. എല്ലാ ദിവസവും കാലത്ത് അദ്ദേഹം യോഗ ചെയ്യാറുണ്ട്. കൂടാതെ പുകവലി, മദ്യപാനം എന്നീ ശീലങ്ങൾ ഒന്നുംതന്നെയില്ല. അദ്ദേഹത്തിന്റെ കുടുംബത്തിന് പ്രമേഹത്തിന്റെ പാരമ്പര്യമുണ്ട്, മാതാപിതാക്കള് പ്രമേഹരോഗികളുമാണ്, പക്ഷെ റിഷഭിന് മാത്രം പ്രമേഹം ഉള്ളതായി രോഗനിർണ്ണയം ചെയ്തിട്ടില്ല. റിഷഭിന് ലൈഫ് ഇൻഷുറൻസ് നൽകുവാന് കഴിയുമോ?
   ഉത്തരം കഴിയും എന്നതാണ്. എന്തെന്നാൽ, റിഷഭ് ആരോഗ്യകരമായ ജീവിത രീതി നയിക്കുന്നതും, ഏതെങ്കിലും രോഗം ഉള്ളതായി നിർണ്ണയിക്കപ്പെടുകയും ചെയ്യാത്ത വ്യക്തിയുമാണ്. അദ്ദേഹത്തിന്റെ മരണ സമയം അനിശ്ചിതമാണ്.
2. രാകേഷ് ശർമ്മ മൂർദ്ധന്യാവസ്ഥയിലെത്തിയ മസ്തിഷ്കാർബുദം നിർണ്ണയിക്കപ്പെട്ട വ്യക്തിയാണ്. ഡോക്ടർമാർക്ക് അദ്ദേഹത്തെ രക്ഷിക്കാന് കഴിയില്ല എന്ന് അറിയാം, കൂടാതെ രാകേഷിന്റെ ദുഃഖകരമായ മരണം സമീപഭാവിയിൽ ഉറപ്പാണ്. രാകേഷിന് ലൈഫ് ഇൻഷുറൻസ് നൽകാന് കഴിയുമോ?
   ഉത്തരം ഇല്ല എന്നാണ്. ഇൻഷുറൻസ് കമ്പനികൾക്ക് ഈ അപകടസാദ്ധ്യതയെ സംരക്ഷിക്കാന് കഴിയില്ല കാരണം അദ്ദേഹത്തിന്റെ മരണം വളരെ ചുരുങ്ങിയ കാലയളവിൽ ഏകദേശം ഉറപ്പാണ്.

ബി.2 അപകടസാദ്ധ്യതകളുടെ നിലവാരം

നമുക്ക് എന്തെങ്കിലും സംഭവിക്കാനുള്ള സാദ്ധ്യത മറ്റെന്തിനെക്കാളും കൂടുതൽ ഉള്ളതാണെന്ന്. ഇത് ബാധകമാക്കുന്നത് അപകടസാദ്ധ്യതയുടെ നിലവാരം എത്രമാത്രം ഉണ്ട് എന്നതിനെയാണ്.

അപകടസാദ്ധ്യതയുടെ നിലവാരം സാധാരണ തിട്ടപ്പെടുത്തിയത്:

- ചിലത് സംഭവിക്കാനുള്ള **സാദ്ധ്യത (അല്ലെങ്കിൽ ആവൃത്തി)**

കൂടാതെ

- **വസ്തുതയുടെ തോത് (അല്ലെങ്കിൽ കാഠിന്യം)**

ആവൃത്തി

ഒരു വ്യക്തി ഒരു വർഷത്തിനുള്ളില് മരിക്കാന് സാദ്ധ്യത ഉണ്ടെന്ന് ആക്ചുറീസ് കണക്കാക്കുന്നത് അയാളുടെ മുൻകാലത്തെ സംഭവങ്ങൾ ശേഖരിച്ചതുകൊണ്ടാണ്, പിന്നീട് അത് ധാർമ്മിക പട്ടികയായി ലഭിക്കുകയും ചെയ്യും. ഇത് ഇൻഷുറൻസ് കമ്പനിയ്ക്ക് ഒരു പ്രത്യേക സംഭവത്തിന് അതായത് വിവിധ പരിതസ്ഥിതികളില് സംഭവിക്കാവുന്ന മരണ സാധ്യതകൾ ഉറപ്പുവരുത്തുവാന് അനുവദിക്കുന്നു.

വ്യക്തികളുടെ ജീവിതത്തിനുള്ള അപകടസാദ്ധ്യതകള്, അവരുടെ വയസ്സ്, ആരോഗ്യസ്ഥിതി, കുടുംബത്തിന്റെ ആരോഗ്യ പാരമ്പര്യം, ജീവിതരീതി, ജോലിയുടെ രൂപരേഖ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമായിരിക്കും.

മരണ നിരക്ക് എന്നത് ഒരു നിർദ്ദിഷ്ട എണ്ണത്തില് വരുന്ന മാതൃകാ ജനസംഖ്യയില് മരണത്തിന്റെ അനുപാതത്തെ ആസ്പദമാക്കി നിർദ്ദിഷ്ട വയസ്സില് മരിക്കാനുള്ള സാദ്ധ്യതയാണ്.

ഉദാഹരണം

നമുക്ക് നൂറുവീതം വരുന്ന രണ്ട് ജനവിഭാഗത്തെ പരിശോധിക്കാം. ഒന്നാമത്തെ വിഭാഗം 30-39 വയസ്സിന് ഇടയിലുള്ളവരാണ്. അവരിൽ ഒരാള് 31 വയസ്സിന് മുമ്പായി മരിക്കുകയാണെങ്കിൽ മരണ സാദ്ധ്യത ഒരു ശതമാനമാണ്. - അല്ലെങ്കില് നൂറിലൊന്ന് എന്ന ആവൃത്തി. രണ്ടാമത്തെ വിഭാഗം 60-69 വയസ്സിന് ഇടയിലുള്ളവരാണ്. അവരിൽ 15 ആളുകള് 61 വയസ്സിന് മുമ്പ് മരിക്കുകയാണെങ്കില് മരണ സാദ്ധ്യത 15% ആണ്. അതുകൊണ്ട് രണ്ടാമത്തെ വിഭാഗത്തെ മരണ ആവൃത്തി ഒന്നാമത്തെ വിഭാഗത്തെ അപേക്ഷിച്ച് കൂടുതലാണ്.

അപകടസാദ്ധ്യതകളുടെ കാഠിന്യം

ഇൻഷുറൻസ് കമ്പനിയുടെ ശ്രമം അപകടസാദ്ധ്യതകള് യഥാർത്ഥത്തില് നടന്നാല് അതിന്റെ നഷ്ടങ്ങളുടെ കാഠിന്യത്തെ ആസ്പദമാക്കി എത്ര തുക ആവശ്യപ്പെടാം എന്ന് ഉറപ്പുവരുത്തുകയാണ്.

ബോധവാനായിരിക്കുക

ഇൻഷുറൻസ് കമ്പനികള് അപകടസാദ്ധ്യതകളുടെ നിലവാരം ഉറപ്പ് വരുത്തുന്നതിന് മുൻകാല വിവരങ്ങള് (അവകാശങ്ങളുടെ അനുഭവം) എന്നിവ അനുസരിച്ചാണ്. മുൻകാല വിവരങ്ങൾ സൂചിപ്പിക്കുന്നത് ഒരു പ്രായപരിധിയില് വരുന്ന വ്യക്തികൾക്ക് (അതായത് 60-70) ഹൃദയാഘാതം സംഭവിക്കാൻ കൂടുതല് പ്രവണത ഉള്ളവരാണെങ്കില് അപകടസാദ്ധ്യതയുടെ നിലവാരം ആ വിഭാഗത്തിന് കൂടുതലുള്ളതായി പരിഗണിക്കണം.

വസ്തുതകളുടെ പഠനം

22 മെയ് 2010 ന് എയര് ഇൻഡ്യ എക്സ്പ്രസ്സ് വിമാനം (ദുബായ്-ബംഗലുരു) തകർന്ന് 158 യാത്രക്കാര് കൊല്ലപ്പെട്ടു. അപകടത്തിന് ഇരയാവരക്ക് കൊടുക്കുവാന് വിമാന അധികൃതർ പ്രതീക്ഷിക്കുന്ന ഇൻഷുറൻസ് തുക കോടികളോളം വരും. വിമാന ഇൻഷുറൻസിന്റെ സ്വഭാവത്തെ കുറഞ്ഞ ആവൃത്തിയും കൂടുതല് കാഠിന്യം (ആഘാതം) ഉള്ളതായി തരം തിരിക്കാൻ കഴിയും, എന്തെന്നാല് വിമാന തകർച്ചയ്ക്കുള്ള സാദ്ധ്യത വളരെ കുറവാണ്, എന്നാല് അതു സംഭവിച്ചാല് വരുന്ന നാശനഷ്ടങ്ങൾ വളരെ വലുതാണ്.

ബി.3 അപായവും അപകടസാദ്ധ്യതയും

അപകടസാദ്ധ്യത എന്നാല് നഷ്ടം സംഭവിക്കാവുന്ന ഒരു നിർദ്ദിഷ്ട കാര്യത്തെയാണ് പരാമർശിക്കുന്നത്. ഈ നഷ്ടം ജീവന്റെയോ, വസ്തുക്കളുടെയോ ആകാം. ഭൂചലനം,

കൊടുങ്കാറ്റ്, വെള്ളപ്പൊക്കം മുതലായ പ്രകൃതി ക്ഷോഭങ്ങള് എല്ലാം അപകടങ്ങളാണ് അത് ജീവനും ആതികളുടെ നഷ്ടങ്ങളും ഉണ്ടാക്കുന്നു.

അപായങ്ങൾക്കെതിരെ തീർച്ചയായും സംരക്ഷണം തേടേണ്ടതാണ്. മറുഭാഗത്ത് ഹസാർഡ് എന്നാല് അപകടം സംഭവിക്കാനുള്ള സാദ്ധ്യത വർദ്ധിക്കുകയോ അല്ലെങ്കില് അത് സംഭവിച്ചാൽ പരിണിതഫലം വളരെ മോശമാകുന്ന അവസ്ഥയാണ്.

ബോധവാനായിരിക്കുക

ഹസാർഡ് അപകടത്തിന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നു.

ഉദാഹരണം

ഹൃദയാർബുദം ഒരു അപായമാണെങ്കില് പുകവലി ഹസാർഡാണ്. അപകടസാദ്ധ്യത (ഹൃദയാഘാതം) ഉണ്ടാകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

വസ്തുതകളുടെ പഠനം

26-ജനുവരി 2001 ല് ഗുജറാത്തിലെ ചരിത്രത്തിലെ ഏറ്റവും വിനാശകരമായ ഭൂകമ്പം ഉണ്ടായി. ഈ ദുഃഖകരമായ സംഭവത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് ജീവന് നഷ്ടപ്പെട്ടു. ലക്ഷക്കണക്കിന് ആളുകൾക്ക് മുറിവേറ്റു. കൂടാതെ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം ഗുജറാത്തിലെ വടക്കുകിഴക്കൻ പട്ടണമായ ഭുജ് ആയിരുന്നു.

ഈ സംഭവത്തിൽ ഭൂചലനം ഒരു അപായവും. അതിനെ പ്രതിരോധിക്കാനാവാതെ പെട്ടന്ന് തകരാവുന്ന രീതിയിൽ നിർമ്മിച്ച കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു അപകടസാദ്ധ്യതയുമാണ്.

അതുപോലെ 26-ഡിസംബറിൽ സംഭവിച്ച സുനാമി വ്യാപകമായ ജീവന്റെയും സ്വത്തിന്റെയും നാശനഷ്ടത്തിലേയ്ക്ക് നയിച്ചു. ഇവിടെ സുനാമി അപായവും ഒഴുകി പോകാനും, അതിലെ താമസക്കാര് മുങ്ങിപ്പോകാനും ഇടയാക്കുന്ന രീതിയില് കടലോരത്ത് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് ഇരയായ വീടുകളും കെട്ടിടങ്ങളും അപകടസാദ്ധ്യതയുമാണ്.

ഓർമ്മിക്കുക ഇൻഷുറൻസിന് അപായസാദ്ധ്യതകളെ തടയാന് കഴിയില്ലെങ്കിലും അപകടസാദ്ധ്യതകൾ നിമിത്തം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കെതിരെ സംരക്ഷണം നൽകാന് കഴിയും.

അപകടസാദ്ധ്യതകളുടെ തരംതിരിക്കല്

ശാരീരികമായ അപകടാവസ്ഥ

അപകടസാദ്ധ്യതകളുടെ അളവുകളെയും ശാരീരിക പ്രത്യേകതകളെയും പരാമർശിക്കുക.

ഉദാ: ഹൃദ്രോഗം, രക്തസമ്മർദ്ദം എന്നിവയുടെ കുടുംബ പാരമ്പര്യം ഒരു ശാരീരിക അപകടസാദ്ധ്യതകളാണ്.

സദാചാര നിരതമായ അപകടാവസ്ഥ

അപകടസാദ്ധ്യതകളുടെ അളവിനെയും, ഒരാളിന്റെ സ്വഭാവവിശേഷത്തെയും അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്ന സ്വഭാവരീതിയെയും പ്രവർത്തനങ്ങളെയും സൂചിപ്പിക്കുന്നു. മാനസികമായ നിലയിൽ നിന്നും ഇത് ഉണ്ടാകാം. അതായത് ഒരു വ്യക്തിയുടെ സമീപനവും പെരുമാറ്റവും.

ഉദാ: പുകവലിയും മദ്യപാനവും

ജീവഹാനി- കടബാദ്ധ്യതകള് നിലവിലുള്ള വരുമാനദാതാവിന്റെ മരണത്തിന്റെ അപകടസാദ്ധ്യതയെ സൂചിപ്പിക്കുന്നു.

രോഗം/വൈകല്യം- ചികിത്സാ ചിലവുകള്, സാമ്പത്തിക നഷ്ടം എന്നിവ ഉൾപ്പെടുന്നു.

- ഏത് തരത്തിലുള്ള ചികിത്സാ ചെലവുകൾ ഉണ്ടായാലും അത് തരാന്
- രോഗമോ വൈകല്യമോ കാരണം ജോലി ചെയ്യാൻ സാധിക്കാതെ വന്നാല് സാമ്പത്തിക ഭദ്രത പ്രദാനം ചെയ്യാൻ

സമ്പാദ്യശേഖരണം

- മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുവാന്
- മകൾക്ക് വിവാഹചെലവുകള് നൽകാന്
- വ്യവസായത്തിനുള്ള ആദ്യത്തെ മൂലധനം നൽകാന്

ജോലിയിൽ നിന്നും വിരമിയ്ക്കൽ- ഇത് വിരമിച്ചശേഷമുള്ള കുറഞ്ഞ വരുമാനത്തെ സൂചിപ്പിക്കുന്നു

- വിരമിച്ച ശേഷം സുഃഖപ്രദമായി ജീവിക്കാനുള്ള ധനം ശേഖരിക്കാൻ
- വിരമിച്ച ശേഷം സ്ഥായിയായ വരുമാനം ലഭിക്കാൻ

ഉദാഹരണം

രാഘവ് മിശ്ര ഒരു പ്രാദേശിക സ്ഥാപനത്തില് കണക്കെഴുത്തുകാരനായി ജോലിചെയ്യുന്നു. അദ്ദേഹം വിവാഹിതനും രണ്ട് കുട്ടികളുടെ അച്ഛനുമാണ്, ഭാര്യ കാവ്യ ഒരു കുടുംബിനിയാണ്. വയസ്സായ അച്ഛൻ സുഹാസും അവരോടൊപ്പം ജീവിക്കുന്നു. സുഹാസ് മിശ്ര ഒരു കുടുംബ കർഷകനാണ്, അദ്ദേഹത്തിന് സ്വന്തമായി ചെറിയ ഒരു കൃഷിഭൂമിയുണ്ട്. എന്നാലും കൃഷിയിൽ നിന്നുള്ള വരുമാനം അദ്ദേഹത്തിന്റെ ചെലവുകൾക്ക് പര്യാപ്തമായിരുന്നില്ല. അതുകൊണ്ട് മകന് രാഘവനെ തന്നെ ആശ്രയിക്കേണ്ടിവരുന്നു.

മുഖ്യ വരുമാനമുള്ള അംഗം എന്ന നിലയ്ക്ക്, ഭാവിയില് സംഭവിക്കാനിടയുള്ള പല കാരണങ്ങൾക്കും വേണ്ടി തുക പ്രദാനം ചെയ്യാന് രാഘവന് പരിഗണിയ്ക്കപ്പെട്ട ഉത്തരവാദിത്തം ഉണ്ട്.

അതായത്:

- **ജീവഹാനി**:- രാഘവന് വല്ലതും സംഭവിച്ചാല്, ഭാര്യ, മക്കള്, അച്ഛന്

എന്നിവർക്ക് സ്ഥിരമായ വരുമാനമാർഗ്ഗം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ വരുമാനം ദൈനംദിന ജീവിത ചെലവുകള്, മക്കളുടെ വിദ്യാഭ്യാസ ചെലവുകൾ, അച്ഛന്റെ ചികിത്സാ ചെലവുകള് എന്നീ ബാദ്ധ്യതകളെ അതിജീവിക്കാൻ പര്യാപ്തമായിരിക്കണം

- **രോഗം/വൈകല്യം**:- രാഘവന് അപകടത്തിലൂടെ അംഗവൈകല്യം സംഭവിച്ച് ജോലിയ്ക്ക് പോകാൻ പറ്റാത്ത അവസ്ഥ ഉണ്ടാകാനിടയുണ്ട്. ഇതിനെതിരെ അദ്ദേഹത്തിന് മതിയായ ധനം ഉണ്ടായിരിക്കണം, എന്നാല് മാത്രമേ ജീവിത ചെലവുകൾ നടത്താന് സാധിക്കുകയുള്ളൂ
- **ധനശേഖരണം:-** പണത്തിന്റെ കുറവുകൊണ്ട് മക്കളുടെ ഉന്നതവിദ്യാഭ്യാസം, വിവാഹം എന്നിവയെ ബാധിക്കരുത് എന്നതിനാൽ രാഘവ് അതിനായി ധനശേഖരണം ഉറപ്പുവരുത്തണം
- **വിരമിക്കൽ -** രാഘവിന് അയാളുടെ വിരമിക്കലിനുശേഷം വിശ്രമ കാലത്ത് വൈദ്യ ചെലവുകളും മറ്റ് ജീവിതാവശ്യങ്ങളും നിർവ്വഹിക്കാനാവശ്യമായ സ്ഥിരമായ വരുമാന ഉറവിടം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ചോദ്യം 2.2

എന്തെല്ലാമാണ് ഒരു വ്യക്തി സാമ്പത്തിക അപകടസാദ്ധ്യതകള് മുഖ്യമായി പദ്ധതിയിട്ട് തരണം ചെയ്യുക?

സി.2 ശുദ്ധമായ അപകടസാദ്ധ്യതകള്

ലാഭം ഉണ്ടാകാൻ ഒരു സാദ്ധ്യതയും ഇല്ലാത്തതാണ് ശുദ്ധമായ സാമ്പത്തിക അപകടസാദ്ധ്യതകൾ, ഇവിടെ നമുക്ക് നഷ്ടവും സംഭവിക്കാം കൂടാതെ നാശം വരുത്തുന്ന സംഭവങ്ങളാണ് ഇതിന്റെ ഏറ്റവും സാദ്ധ്യമായ ഫലം.

ശുദ്ധമായ അപകടത്തില്, സംരക്ഷിതമായ അപകടത്തില് നിന്ന് എന്തെങ്കിലും നേട്ടം ഉണ്ടാകാനുള്ള സാദ്ധ്യത തീരെ ഇല്ല. ഇത്തരം അപകടസാദ്ധ്യതകള് ഒരു വ്യക്തിയ്ക്ക് തികച്ചും നിയന്ത്രിക്കാനാകാത്ത സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

സി.3 പ്രത്യേക അപകടസാദ്ധ്യതകള്

ഇത് വ്യക്തിപരം അല്ലെങ്കില് പ്രാദേശികമാണ്. ഇതിന്റെ പരിണതഫലം ബാധിക്കുന്നത് നിർദ്ദിഷ്ട വ്യക്തിയെയോ, സമൂഹത്തെയൊ ആണ്.

ഡി. അപകടസാദ്ധ്യതകളുടെ കൈമാറ്റം

അദ്ധ്യായം ഒന്നിൽ കണ്ടതുപോലെ ഇൻഷുറൻസിന്റെ പ്രഥമ പ്രവർത്തനം ഒരു വ്യക്തിയില് നിന്ന് അപകടസാദ്ധ്യതകളെ ഇൻഷുറൻസ് കമ്പനിയ്ക്ക് കൈമാറുക എന്നതാണ്. ഇത്തരം അപകടസാദ്ധ്യതകൾ വഹിക്കുന്ന ഇൻഷുറൻസ് കമ്പനിയെ "ഇൻഷുററ്" എന്ന് വിളിയ്ക്കുന്നു. അപകടസാദ്ധ്യതകൾ കൈമാറ്റം ചെയ്യുന്ന വ്യക്തിയെ "ഇൻഷേർഡ്" എന്നും വിളിയ്ക്കുന്നു.

അപകടസാദ്ധ്യതകൾ കൈമാറ്റം ചെയ്യുന്ന ഇന്ഷേർഡിന് അവർക്കോ അവരുടെ സാമ്പത്തിക ആസ്തികൾക്കോ നഷ്ടം സംഭവിച്ചാല് ഇൻഷുററ് സുരക്ഷിതത്വം നൽകുന്നു. അവർക്കുള്ള നഷ്ടങ്ങള് പോളിസിയിലെ വ്യവസ്ഥകള് അനുസരിച്ച് ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരമായി നൽകുന്നു. ഇതനുസരിച്ച് ഇൻഷ്വർഡ് നിശ്ചിത തുക (പരിഗണന അനുസരിച്ച്) ഇൻഷുറർക്ക് നൽകുന്നതിനെ പ്രീമിയംഎന്നുപറയുന്നു.

ഇ. അപകടസാദ്ധ്യതകളുടെ സഞ്ചയിക്കൽ

അപകടസാദ്ധ്യതകളുടെ സഞ്ചയിക്കൽ ഇൻഷുറൻസിന്റെ അടിസ്ഥാന തത്വങ്ങളില് ഒന്നാണ്. അപകടസാദ്ധ്യതകളെ സഞ്ചയിക്കൽ ചെയ്യുന്നതിലൂടെ ഇൻഷുറൻസ് കമ്പനി ധാരാളം വ്യക്തികളെ ഒരേ തരം അപകടങ്ങളിൽ നിന്നും സംരക്ഷിക്കുവാന് വേണ്ടി സമാഹരിച്ച

പ്രീമിയത്തെയും സഞ്ചയിക്കുന്നു. ഇൻഷുറൻസ് കമ്പനി വിവിധ അപകടങ്ങൾക്കായി വിവിധ ഭാഗങ്ങൾ നിലനിർത്തുന്നു.

ഉദാഹരണം

ഇൻഷുറൻസ് കമ്പനികള് നിലനിർത്തുന്ന പ്രത്യേക ഘടകങ്ങൾ എന്തെന്നാൽ.

- ലൈഫ് ഇൻഷുറൻസ്
- വാഹന ഇൻഷുറൻസ്
- വീടുകൾക്കുള്ള ഇൻഷുറൻസ്
- യാത്ര ഇൻഷുറൻസ്

വ്യക്തികളിൽ നിന്നും ശേഖരിക്കുന്ന പ്രീമിയം സഞ്ചയിക്കല് ചെയ്യപ്പെട്ട കണക്കുകളില് നിക്ഷേപിക്കുന്നു. പിന്നീട് ഒരു അവകാശവാദം വരുമ്പോൾ അത് തീർക്കുന്നത് ഈ വിഭാഗത്തില് നിന്നും എടുത്തുകൊണ്ടാണ്. ശേഖരിക്കുന്ന പ്രീമിയം അപകട തുക നൽകുവാന് പര്യാപ്തമാണെന്ന് ഇൻഷുറൻസ് കമ്പനി ഉറപ്പുവരുത്തണം. ഈടാക്കുന്ന പ്രീമിയം ഈ വിഭാഗത്തിന്റെ നിലനിർത്തലിന് ആവശ്യമായ കാര്യനിർവ്വഹണത്തിനും, മറ്റ് ചെലവുകൾക്കുമായി പര്യാപ്തമായിരിക്കണം. ഇൻഷുറൻസ് കമ്പനി അവരുടെ നിശ്ചിത ശതമാനം ലാഭവും പ്രീമിയത്തിൽ ഉൾപ്പെടുത്തണം.

ചോദ്യം 2.3

എന്താണ് ഇൻഷുറൻസില് അപകടസാദ്ധ്യതകളുടെ സഞ്ചയിക്കൽ എന്നാല്? വാഹന ഇൻഷുറൻസിനും, ലൈഫ് ഇൻഷുറൻസിനും അവകാശ തുക നൽകുന്നത് ഒരേ വിഭാഗത്തില് നിന്നുതന്നെ ഉപയോഗിക്കാൻ സാധിക്കുമോ?

ഇ.1 കൂടുതല് എണ്ണത്തിനുള്ള നിയമം

മൊത്തം വാർഷിക അവകാശവാദങ്ങള് എത്ര എന്ന് ഉറപ്പുവരുത്താന് ഇൻഷുറൻസ് കമ്പനികൾ "കൂടുതൽ എണ്ണത്തിനുള്ള നിയമം" ഉപയോഗിക്കുന്നു. കൂടുതൽ ആളുകള് ഒരേ അപകടത്തിന് പോളിസി എടുത്തിട്ടുണ്ടെങ്കില് ഒരു നിശ്ചിത ക്ലെയിം തുക നൽകേണ്ട സാദ്ധ്യത ഉണ്ടോ എന്ന് ഇൻഷുറൻസ് കമ്പനികള് ഉറപ്പുവരുത്തണം.

ഉദാഹരണം

1,000 വ്യക്തികൾക്ക് ഇൻഷുറൻസ് നൽകിയതില് ഒരു ശതമാനത്തിന് മരണസാദ്ധ്യത ഉണ്ടെങ്കിൽ, ഇൻഷുറൻസ് കമ്പനി പത്തുപേർക്ക് ക്ലെയിം തുക നൽകേണ്ടിവരും.

പോളിസിയിലെ നിയമപ്രകാരം അവകാശവാദങ്ങളുടെ എണ്ണത്തിന് അനുസൃതമായി എത്ര തുക നൽകേണ്ടിവരുമോ അതനുസരിച്ച് ഇൻഷുറൻസ് കമ്പനി പ്രീമിയം തുക തിട്ടപ്പെടുത്തണം.

പ്രധാന കാര്യങ്ങൾ
ഈ അദ്ധ്യായത്തിലെ പ്രധാന ആശയങ്ങളെ താഴെ കൊടുത്തിരിക്കുന്ന രീതിയിൽ സംഗ്രഹിക്കാൻ സാധിക്കും.
അപകടസാദ്ധ്യതയുടെ ആശയം
• ഇൻഷുറൻസില് "അപകടം" എന്നാൽ സംരക്ഷണം നൽകാവുന്ന മനുഷ്യജീവന്, വീട്, കാറ് മുതലായ ആസ്തികള് എന്ന സന്ദർഭത്തിലാണ്
• അപകടസാദ്ധ്യത എന്നത് ഒരു നിർദ്ദിഷ്ട സംഭവത്താല് ഒരു വ്യക്തിയ്ക്ക്

വരാവുന്ന നഷ്ടങ്ങളാണ്
അപകടസാദ്ധ്യതകളുടെ ഭാഗങ്ങൾ
• അനിശ്ചിതാവസ്ഥ, അപകടസാദ്ധ്യതകളുടെ നിലവാരം, അപകടസാദ്ധ്യത എന്നിവയാണ് അപകടത്തിന്റെ ഘടകങ്ങള്
• പൊതുവായ തത്വത്തില് അനിശ്ചിതാവസ്ഥയ്ക്ക് ഇൻഷുറൻസ് മാത്രമേ ലഭ്യമായിട്ടുള്ളൂ
• അപകടസാദ്ധ്യതകളുടെ നിലവാരം ഉറപ്പുവരുത്തുന്നത് രണ്ട് മാനദണ്ഡങ്ങളിലൂടെയാണ്: ചിലത് സംഭവിക്കാനുള്ള സാദ്ധ്യതയും, ആ സംഭവം കാരണം അനുഭവിക്കുന്ന നഷ്ടങ്ങളുടെ തോതും
• അപകടസാദ്ധ്യത സൂചിപ്പിക്കുന്നത് നഷ്ടം വരുത്താവുന്ന ഒരു നിർദ്ദിഷ്ട സംഭവത്തെയാണ്. അപകടസാദ്ധ്യത എന്നത് അപകടസാദ്ധ്യത സംഭവിക്കാനുള്ള സാദ്ധ്യതെയെയാണ് സ്വാധീനിക്കുന്നത്
• അപകടസാദ്ധ്യതയെ ശാരീരിക അപകടസാദ്ധ്യത എന്നും സദാചാരനിരതമായ അപകടസാദ്ധ്യത എന്നും രണ്ടായി തിരിക്കാം
സംരക്ഷിക്കാവുന്ന അപകടസാദ്ധ്യതകൾ
• അപകടസാദ്ധ്യതകളുടെ പരിണതഫലം നിർബന്ധിത വ്യവസ്ഥകളില് അളക്കുവാന് കഴിഞ്ഞാൽ അത് സാമ്പത്തിക അപകടസാദ്ധ്യതകള് എന്ന് അറിയപ്പെടുന്നു.
• ശുദ്ധമായ അപകടസാദ്ധ്യതകൾ എന്നാല് നേട്ടങ്ങള് ഉണ്ടാകുവാന് സാദ്ധ്യതയില്ലാത്ത അപകടങ്ങളാണ്. മാത്രമല്ല ഇതിൽ നഷ്ടങ്ങളും സംഭവിക്കാം, അതിന്റെ ഫലം വളരെ മോശമായിരിക്കും.
• പ്രത്യേക അപകടസാദ്ധ്യതകൾ വ്യക്തിപരം അല്ലെങ്കില് പ്രാദേശികമായിരിക്കും.
അപകടസാദ്ധ്യതകളുടെ സഞ്ചയിക്കല്
• ഇൻഷുറൻസ് കമ്പനി ഒരേ അപകടങ്ങളില് നിന്നും ധാരാളം വ്യക്തികളെ സംരക്ഷിക്കാനായി ശേഖരിച്ച പ്രീമിയത്തെയും സഞ്ചയിക്കല് ചെയ്യുന്നു.
• ഇൻഷുറൻസ് കമ്പനികള് അവകാശവാദങ്ങളുടെ മൊത്തം തുക ഉറപ്പുവരുത്താനായി "കൂടുതൽ എണ്ണങ്ങളുടെ നിയമം" ഉപയോഗിക്കുന്നു.

ചോദ്യോത്തരങ്ങൾ

2.1 അപകടസാദ്ധ്യത സൂചിപ്പിക്കുന്നത് നഷ്ടം വരുത്താവുന്ന ഒരു നിർദ്ദിഷ്ട സംഭവത്തെയാണ് . ഈ നഷ്ടം ജീവന്റെയോ അല്ലെങ്കില് ആസ്തിയോ ആകാം. ഭൂചലനം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ എല്ലാം തന്നെ അപകടങ്ങളാണ് ഇതു ജീവന്റെയും, സ്വത്തിന്റെയും നാശത്തിന് കാരണമാകുന്നു. ഈ അപകടങ്ങൾക്കെതിരെ സംരക്ഷണം ചെയ്യാവുന്നതാണ്. ഉദാ:പോളിസി കാലയളവിൽ ഒരു വ്യക്തിയ്ക്ക് മരണം സംഭവിക്കാം.

അപകടസാദ്ധ്യത എന്നത് അപകടസാദ്ധ്യത സംഭവിക്കാനുള്ളസാദ്ധ്യത വർദ്ധിപ്പിക്കുകയോ, അല്ലെങ്കിൽ അതിന്റെ ഫലം വളരെ മോശമാകുകയോ ചെയ്യുന്ന അവസ്ഥയാണ്. അപകടസാദ്ധ്യത അപകടത്തിന്റെ പ്രവർത്തനത്തെ സ്വാധീനിക്കുന്നു.

2.2 ഒരു വ്യക്തി പദ്ധതി തയ്യാറാക്കേണ്ട പ്രധാന സാമ്പത്തിക അപകടസാദ്ധ്യതകള് താഴെ പറയുന്നവയാണ്.

1) ജീവഹാനി:- ഒരു കുടുംബത്തിലെ വരുമാനമുള്ള വ്യക്തി അദ്ദേഹത്തിന്റെ സാമ്പത്തിക ബാദ്ധ്യതകൾ നിറവേറ്റാതെ മരിക്കുന്ന അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

- വരുമാനദാതാവിന്റെ മരണശേഷവും കുടുംബാംഗങ്ങൾക്ക് സ്ഥിരവരുമാനം പ്രദാനം ചെയ്യുവാൻ
- വരുമാനദാതാവിന്റെ മരണശേഷം, ഭവനവായ്പ, വാഹനവായ്പ എന്നീ കടബാദ്ധ്യതകൾ തീർക്കാന് കുടുംബാംഗങ്ങൾക്ക് സഹായം ചെയ്യുവാന്

2) രോഗം/വൈകല്യം:- ചികിത്സാ ചെലവുകള്, സാമ്പത്തിക നഷ്ടം എന്നിവ ഉൾപ്പെടുന്നു.
  - ഏത് തരം ചികിത്സാ ചെലവുകൾ ഉണ്ടായാലും അത് നൽകുവാന്
  - രോഗമോ, വൈകല്യമോ കാരണം ജോലി ചെയ്യുവാൻ സാധിക്കാതെ വന്നാൽ

സാമ്പത്തിക ഭദ്രത പ്രദാനം ചെയ്യുവാൻ.

3) ധനശേഖരണം:

- മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുവാന്
- മകൾക്ക് വിവാഹ ചെലവുകള് നൽകുവാന്
- വ്യവസായം തുടങ്ങാനുള്ള മൂലധനം നൽകാന്

4) വിരമിക്കൽ:- വിരമിച്ച ശേഷമുള്ള കുറഞ്ഞ വരുമാനത്തെ സൂചിപ്പിക്കുന്നു.

- വിരമിച്ച ശേഷം സ്ഥായിയായ വരുമാനമാർഗ്ഗം നൽകുവാന്
- വിരമിച്ച ശേഷം സുഃഖമായി ജീവിക്കുവാന് പര്യാപ്തമായ ധനം ശേഖരിക്കുവാന്

2.1 അപകടസാദ്ധ്യതകളെ പൂള് ചെയ്യുമ്പോള് ഒരു ഇൻഷുറൻസ് കമ്പനി ഒരേ അപകടസാദ്ധ്യതയുള്ള ഒരുപാട് വ്യക്തികളെ പ്രീമിയം ശേഖരിച്ച് ഇൻഷുര് ചെയ്യുന്നു. വ്യത്യസ്ത തരം അപകടസാദ്ധ്യതകൾക്കായി ഇൻഷുറൻസ് കമ്പനി വിവിധതരം പൂളുകള് നിർമ്മിച്ചിരിക്കും. ലൈഫ് ഇൻഷുറൻസിനുള്ള പൂള് അക്കൌണ്ടുകാര് ഇൻഷുറൻസിനുള്ള പൂൾ അക്കൌണ്ടില് നിന്ന് വേറെ സൂക്ഷിക്കും. ഒരു പൂളിലെ അക്കൌണ്ട് മറ്റൊരു പൂളിലെ ക്ലെയിം ഒത്തുതീർപ്പാക്കാനായി ഉപയോഗിക്കാനാകില്ല.

സ്വയം-പരീക്ഷണ ചോദ്യങ്ങൾ	
1	അപകടസാദ്ധ്യതയുടെ ഘടകങ്ങളെ ക്രമപ്പെടുത്തുക
2	സംരക്ഷിക്കാൻ കഴിയുന്ന അപകടസാദ്ധ്യതകള് ഏതെല്ലാമെന്ന് ക്രമപ്പെടുത്തുക

ഉത്തരങ്ങൾ നിങ്ങൾക്ക് അടുത്ത പേജില് കാണാം.

സ്വയം-പരീക്ഷണ ചോദ്യത്തിന്റെ ഉത്തരങ്ങള്	
1	അപകടത്തിന്റെ പ്രധാനഭാഗങ്ങൾ: • അനിശ്ചിതാവസ്ഥ • അപകടത്തിന്റെ നിലവാരം • അപകടസാദ്ധ്യതകളും അതിന്റെ സാദ്ധ്യതകളും
2	താഴെ പറയുന്ന തരത്തിലുള്ള അപകടസാദ്ധ്യതകളെ സംരക്ഷിക്കാന് കഴിയും: • സാമ്പത്തിക അപകടസാദ്ധ്യതകള് • ശുദ്ധമായ അപകടസാദ്ധ്യതകള് • പ്രത്യേക അപകടസാദ്ധ്യതകള്